കെ.സി ജലീൽ പുളിക്കൽ

# നന്മ കൽപ്പിക്കൂ, തിന്മ തടയൂ

عَنْ حُذَيْفَةَ رضي الله عنه عَنِ النَّبِيِّ صلى الله عليه وسلم قَالَ : وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُنَّ بِالْمَعْرُوفِ وَلَتَنْهَوُنَّ عَنِ الْمُنْكَرِ أَوْ لَيُوشِكَنَّ اللَّهُ أَنْ يَبْعَثَ عَلَيْكُمْ عِقَابًا مِنْهُ ثُمَّ تَدْعُونَ فَلاَ يُسْتَجَابُ لَكُمْ (ترمذى)

**ഹുദൈഫ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'എന്റെ ആത്മാവിന്റെ ഉടമസ്ഥനെക്കൊണ്ട് സത്യം: നിങ്ങൾ നല്ലത് കൽപിക്കുകയും തിന്മ തടയുകയും ചെയ്തേ തീരൂ. ഇല്ലെങ്കിൽ അല്ലാഹു നിങ്ങളുടെ മേൽ കടുത്ത ശിക്ഷ നടപ്പാക്കും. അന്നേരം നിങ്ങൾ പ്രാർഥിക്കും. പക്ഷേ, ഉത്തരം ലഭിക്കില്ല' (തിർമിദി).**

തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്തവും അതിൽ വീഴ്ച വരുത്തിയാലുണ്ടാകുന്ന ഭവിഷ്യത്തും ഇസ്‌ലാമിക സമൂഹത്തെ ഓർമപ്പെടുത്തുകയാണ് ഈ നബിവചനത്തിൽ. 'നന്മ കൽപിക്കുക, തിന്മ നിരോധിക്കുക' എന്ന ദൗത്യ നിർവഹണത്തിൽ വരുത്തുന്ന വീഴ്ച കടുത്ത വഞ്ചനയാണെന്നും അതിന് ഇസ്‌ലാമിക സമൂഹം ഒന്നടങ്കം ഇഹലോകത്തു തന്നെ കടുത്ത ശിക്ഷക്ക് വിധേയരാകേണ്ടിവരുമെന്നും ഈ വചനം താക്കീത് നൽകുന്നു.

മാനവകുലത്തെ അക്രമത്തിന്റെയും അനീതിയുടെയും അധർമത്തിന്റെയും പാതയിൽനിന്ന് മോചിപ്പിച്ച് ധർമത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും പാതയിലേക്ക് നയിക്കുക എന്ന മഹനീയവും ഉത്കൃഷ്ടവും സർവോപരി മനുഷ്യസമൂഹത്തിന്റെ നിലനിൽപിന് ആധാരവുമായ ഈ ദൗത്യനിർവഹണമാണ് ദൈവദൂതന്മാർ കാലാകാലങ്ങളിൽ നിർവഹിച്ചുപോന്നത്.

അന്ത്യപ്രവാചകനും കൂടെയുള്ളവരും ഈ ദൗത്യം ഭംഗിയായി നിർവഹിച്ചു. പ്രവാചകനു ശേഷം ഈ ഉത്തരവാദിത്തം ഇസ്‌ലാമിക സമൂഹത്തെ ഏൽപിച്ചു.

ഖുർആൻ പറയുന്നു: ''മനുഷ്യസമൂഹത്തിനു വേണ്ടി രംഗത്തിറക്കപ്പെട്ട സമൂഹമാണ് നിങ്ങൾ. നിങ്ങൾ നന്മ കൽപിക്കുകയും തിന്മ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു'' (3:110). പുരുഷന്മാർക്കും സ്ത്രീകൾക്കും ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്തമുണ്ട്: ''സത്യവിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹോദരങ്ങളും മിത്രങ്ങളുമാണ്. അവർ നന്മ കൽപിക്കുന്നു, തിന്മ നിരോധിക്കുന്നു'' (*തൗബ* 71).

ചുരുക്കത്തിൽ 'നന്മ കൽപിക്കുക, തിന്മ തടയുക' എന്ന ബാധ്യത നിർവഹിക്കുന്ന പക്ഷം ഇസ്‌ലാമിക സമൂഹത്തിന് ഇഹലോകത്ത് അന്തസ്സും ഔന്നത്യവും കൈവരും. പരലോകത്ത് ശാശ്വത സ്വർഗവും ലഭിക്കും. ഈ ഉത്തരവാദിത്ത നിർവഹണത്തിൽ വീഴ്ച വരുത്തുന്ന പക്ഷം ഇഹലോകത്തു തന്നെ ദൈവകോപത്തിനിരയായി അവർ നിന്ദ്യരും പീഡിതരും അപമാനിതരുമാവും. പരലോകത്താകട്ടെ കടുത്ത ശിക്ഷയും. ഇസ്‌ലാമിക സമൂഹം ഇന്നനുഭവിക്കുന്നത് ഇതു തന്നെയല്ലേ?

മനുഷ്യസമൂഹത്തെ തിന്മയിൽനിന്ന് മോചിപ്പിച്ച് നന്മയിലേക്ക് നയിക്കാൻ നിയുക്തരായ ഉത്തമ സമുദായമാണ് തങ്ങളെന്ന ചിന്തപോലും മുസ്‌ലിം സമുദായത്തിന് ഇന്നില്ല. രക്ഷാമാർഗം തങ്ങളുടെ കൈവശമാണുള്ളത് എന്നറിഞ്ഞിട്ടും അത് പുറത്തെടുക്കാതെ നിസ്സംഗത പുലർത്തുന്നവരാണ് തങ്ങളെന്ന കുറ്റബോധം പോലും സമുദായത്തിനില്ല.

'നന്മ കൽപിക്കുക, തിന്മ നിരോധിക്കുക' എന്നതിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിൽ അബദ്ധം പറ്റിയവരും സമുദായത്തിലുണ്ട്. ചില ബാഹ്യ ചിഹ്നങ്ങളും ആചാര സമ്പ്രദായങ്ങളും സംരക്ഷിച്ചു നിലനിർത്താൻ സമുദായത്തിനകത്തുള്ളവരെ പ്രേരിപ്പിക്കലാണ് ഇതുകൊണ്ടുള്ള വിവക്ഷ എന്നാണ് അവർ ധരിച്ചുവെച്ചിരിക്കുന്നത്. സമ്പത്തും

സമയവും അധ്വാനവുമെല്ലാം ഈ മാർഗത്തിൽ ചെലവഴിക്കുന്നവരും ധാരാളം. കടുത്ത ഇസ്‌ലാമിക വിരുദ്ധർ പോലും ഇവരുടെ പ്രവർത്തനങ്ങളെ ഭീഷണിയായി കാണാത്തതിനാൽ ഒരെതിർപ്പും കൂടാതെ വളർന്നു വികസിക്കാനും സാധിക്കുന്നുണ്ട്. മറ്റ് ചിലരാകട്ടെ കടുത്ത ശിക്ഷാ സമ്പ്രദായങ്ങൾ ജനങ്ങളിൽ അടിച്ചേൽപിക്കലാണ് ബാധ്യതാ നിർവഹണമെന്ന് തെറ്റിദ്ധരിക്കുന്നു. ഇതൊക്കെ ഉള്ളതോടൊപ്പം തന്നെയാണ് മുസ്‌ലിം സമൂഹം ഉത്തരവാദിത്തനിർവഹണത്തിൽ വീഴ്ച വരുത്തിയവർക്കുള്ള കടുത്ത ശിക്ഷക്ക് വിധേയരായിക്കൊണ്ടിരിക്കുന്നത്. അതിനർഥം 'നന്മ കൽപിക്കുക, തിന്മ നിരോധിക്കുക' എന്ന അല്ലാഹു നിശ്ചയിച്ചുതന്ന ദൗത്യത്തിന്റെ വിവക്ഷ ഇതൊന്നുമല്ല എന്നല്ലേ? വിശുദ്ധ ഖുർആനിൽനിന്നോ പ്രവാചക ചര്യയിൽനിന്നോ ഉണ്ടായതല്ല ഇത്തരം ധാരണകളെന്ന് മനസ്സിലാക്കണം.

'മനുഷ്യസമൂഹത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമൂഹമാണ് നിങ്ങൾ' എന്നാണല്ലോ ഖുർആൻ പറഞ്ഞത്. തുടർന്ന് 'നിങ്ങൾ നന്മ കൽപിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുന്നു' എന്ന് പറയുമ്പോൾ കാര്യം വളരെ വ്യക്തമാണ്.

മനുഷ്യസമൂഹത്തെ നാശത്തിലേക്കും ദുരിതത്തിലേക്കും നയിക്കുന്ന അനീതിയിൽനിന്നും അക്രമത്തിൽനിന്നും അധർമത്തിൽനിന്നും മോചിപ്പിച്ചെടുത്ത് ധർമത്തിലേക്കും സത്യത്തിലേക്കും നീതിയിലേക്കും സമാധാനത്തിലേക്കും നയിക്കുക എന്നതാണ് ഈ മഹത്തായ ദൗത്യത്തിന്റെ വിവക്ഷ.

ഖുർആൻ അങ്ങനെത്തന്നെ പ്രയോഗവൽക്കരിച്ചവരാണല്ലോ അന്ത്യപ്രവാചകനും കൂടെയുള്ളവരും. 'നന്മ കൽപിക്കുക, തിന്മ നിരോധിക്കുക' എന്ന ധർമം അവർ നിറവേറ്റിയപ്പോൾ ഇരുണ്ട യുഗത്തിൽനിന്ന് ലോകത്തെ തന്നെ വെളിച്ചത്തിലേക്ക് നയിക്കുകയായിരുന്നു. വ്യക്തിതലം മുതൽ രാഷ്ട്രീയ-സാമൂഹിക രംഗങ്ങൾ വരെ ജീവിതത്തിന്റെ നിഖില മേഖലകളെയും തിന്മയുടെ തേർവാഴ്ചയിൽനിന്ന് മോചിപ്പിച്ചെടുത്ത് സത്യത്തിലേക്കും നീതിയിലേക്കും നന്മയിലേക്കും നയിക്കുകയായിരുന്നു.

ഏകദൈവ വിശ്വാസം, പ്രവാചകത്വം, മരണാനന്തര ജീവിതം എന്നിവയോടൊപ്പം അതിന്റെ ഭാഗമായി തന്നെ, സാമ്പത്തിക രംഗത്തെ തട്ടിപ്പും വെട്ടിപ്പും ചൂഷണവും അനാഥരോടും അഗതികളോടുമുള്ള അക്രമവും അനീതിയും പോലുള്ള വിഷയങ്ങളെല്ലാം ഖുർആൻ ശക്തമായി കൈകാര്യം ചെയ്തിരുന്നു. മുൻ പ്രവാചകന്മാരുടെ പ്രബോധന രീതിയും ഇങ്ങനെത്തന്നെയായിരുന്നെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഇതോടൊപ്പം നന്മയിലധിഷ്ഠിതമായ സമ്പൂർണ സാമൂഹികക്രമം സ്ഥാപിക്കാനുതകുംവിധം വിശ്വാസികളെ വളർത്തിയെടുക്കാനും പ്രവാചകൻ ഖുർആനിന്റെ നിർദേശാനുസാരം പ്രയത്നിക്കുകയായിരുന്നു. ഇന്ന് ലോകത്ത് നിലനിൽക്കുന്ന മാനുഷിക മൂല്യങ്ങളും നീതിബോധവുമെല്ലാം പ്രവാചകാധ്യാപനങ്ങളുടെ അവശേഷിപ്പ് തന്നെയാണ്.

ഭൂമുഖത്ത് മാനവരാശിയുടെ നിലനിൽപിനും ക്ഷേമൈശ്വര്യങ്ങൾക്കും സമാധാനജീവിതത്തിനും ആസ്പദമായ, അനുസ്യൂതം തുടർന്നു പോകേണ്ട പ്രക്രിയയാണ് 'നന്മ കൽപിക്കുക, തിന്മ നിരോധിക്കുക' എന്നത്. തിന്മയുടെ ശക്തികളിൽനിന്ന് ഇതിനു നേരെ കടുത്ത ആക്രമണം സ്വാഭാവികമാണ്. എല്ലാം സഹിച്ച് ഈ മാർഗത്തിൽ മുന്നേറലാണ് ജിഹാദ്. ''അല്ലാഹുവിന്റെ മാർഗത്തിൽ യഥാർഥ ജിഹാദ് നടത്തൂ. അല്ലാഹു നിങ്ങളെ അതിന് തെരഞ്ഞെടുത്തിരിക്കുന്നു'' (*അൽഹജ്ജ്*).

●

**'നന്മ കൽപിക്കുക, തിന്മ തടയുക' എന്ന ബാധ്യത നിർവഹിക്കുന്ന പക്ഷം ഇസ്‌ലാമിക സമൂഹത്തിന് ഇഹലോകത്ത് അന്തസ്സും ഔന്നത്യവും കൈവരും. പരലോകത്ത് ശാശ്വത സ്വർഗവും ലഭിക്കും. ഈ ഉത്തരവാദിത്ത നിർവഹണത്തിൽ വീഴ്ച വരുത്തുന്ന പക്ഷം ഇഹലോകത്തു തന്നെ ദൈവകോപത്തിനിരയായി അവർ നിന്ദ്യരും പീഡിതരും അപമാനിതരുമാവും. പരലോകത്താകട്ടെ കടുത്ത ശിക്ഷയും.**